**വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**
**(ഹാജർ. HARITHA V KUMAR)**

വിഷയം: വനിതാ ശിശുവികസന വകുപ്പ് – ജീവനക്കാര്യം - ജൂനിയർ സൂപ്രണ്ട് തസ്തികയിൽ നിന്നും സീനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1) വനിതാ ശിശുവികസന ഡറക്ടറുടെ 20.05.2024 ലെ DWCD/623/ 2024-E8 നം വിജ്ഞാപനം.
2) 28.09.2024 ലെ ഇതേ നം നടപടിക്രമങ്ങൾ.

<u>ഉത്തരവ് നം. DWCD/3675/2024-E9 തീയതി: 30-11-2024</u>

വനിതാ ശിശുവികസന വകുപ്പിൽ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിച്ച് വരുന്ന ജീവനക്കാർക്ക് സീനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം അനുവദിക്കുന്നതിനായുള്ള സെലക്ട് ലിസ്റ്റിന്റെ വിജ്ഞാപനം പരാമർശം (1) പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ലോവർ DPC തയ്യാറാക്കിയ സർക്കാർ അംഗീകരിച്ച് വിജ്ഞാപനം പുറപ്പെടുവിച്ച പരാമർശം (1) സെലക്ട് ലിസ്റ്റിൽ ക്രമ. നം. 4 വരെയുള്ളവർക്ക് പരാമർശം (2) പ്രകാരം സീനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം അനുവദിച്ചിട്ടുണ്ട്. വനിതാ ശിശുവികസന ഡയറക്ടറേറ്റിൽ സീനിയർ സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. ശങ്കർ ബി 31.10.2024 -ന് സേവനത്തിൽ നിന്നും വിരമിച്ചതിനെത്തുടർന്ന് പ്രസ്തുത തസ്തികയിൽ ഒരു ഒഴിവ് നിലവിൽ വന്നിട്ടുണ്ട്. പ്രസ്തുത ഒഴിവിലേയ്ക്ക് പരാമർശം (1) സെലക്ട് ലിസ്റ്റിൽ ക്രമ. നം. 5 ആയി ഉൾപ്പെട്ടിട്ടുള്ള ജൂനിയർ സൂപ്രണ്ട് തസ്തികയിലെ ജീവനക്കാരൻ സീനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്കുള്ള ഉദ്യോഗക്കയറ്റത്തിന് അർഹനാണ്.

പ്രസ്തുത സാഹചര്യത്തിൽ പരാമർശ സെലക്ട് ലിസ്റ്റിൽ ക്രമ നം. 5 ആയി ഉൾപ്പെട്ടിട്ടുള്ള ചുവടെ പറയുന്ന ജീവനക്കാരന് സീനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് കെ.എസ് & എസ്.എസ്.ആർ ചട്ടം 28 (എ) പ്രകാരം 51400-110300 രൂപ ശമ്പള സ്കെയിലിൽ ഉദ്യോഗക്കയറ്റം നൽകി അവരുടെ പേരിന് നേരെ ചേർത്തിരിക്കുന്ന കാര്യാലയത്തിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം | ജീവനക്കാരന്റെ പേര്, തസ്തിക, നിലവിൽ സേവനമനുഷ്ഠിക്കുന്ന കാര്യാലയം | ഉദ്യോഗക്കയറ്റം നൽകി നിയമിക്കുന്ന തസ്തിക, കാര്യാലയം |
|---|---|---|
| 1 | ശ്രീ. സാബീർ സി എ, (PEN : 213857)<br>ജൂനിയർ സൂപ്രണ്ട്, ICDS ചാവക്കാട് | **സീനിയർ സൂപ്രണ്ട്**<br>വനിതാ ശിശുവികസന ഡയറക്ടറേറ്റ് |

ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരന് ചട്ട പ്രകാരമുള്ള ശമ്പള നിർണ്ണയത്തിനും നിയമാനുസൃത പ്രവേശനകാലത്തിനും യാത്രാബത്തയ്ക്കും അർഹതയുണ്ടായിരിക്കുന്നതാണ്.

ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരനെ ഉടൻ പ്രാബല്യത്തിൽ കാര്യാലയ മേധാവി വിടുതൽ ചെയ്യേണ്ടതും ബന്ധപ്പെട്ട ജീവനക്കാരൻ യഥാസമയം ജോലിയിൽ പ്രവേശിക്കേണ്ടതുമാണ്. വിടുതൽ/പ്രവേശനം സംബന്ധിച്ച വിവരം RTC -യുടെ പകർപ്പ് സഹിതം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്.

HARITHA V KUMAR
വനിത ശിശു വികസന ഡയറക്ടർ

ബന്ധപ്പെട്ട ജീവനക്കാരൻ

പകർപ്പ് : 1) അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള (ആമുഖ കത്ത് സഹിതം)
2) ജില്ലാ വനിത ശിശു വികസന ഓഫീസർ/പ്രോഗ്രാം ഓഫീസർ, തൃശ്ശൂർ
3) ശിശു വികസന പദ്ധതി ഓഫീസർ, ICDS ചാവക്കാട്
4) സൂപ്രണ്ട്, ഐ റ്റി സെൽ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
5) ഡയറക്ടറുടെ സി.എ ഇ 7 സീറ്റ്.
4) ഫയൽ/ സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്